**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. ശ്രീജ.വി, ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി) ഡെപ്യൂട്ടേഷൻ സേവനം അവസാനിപ്പിച്ച് തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ ഉ(സാധാ) നം.1137/2017/ആ.കു.വ തീയതി 21.04.2017
2. സ ഉ(സാധാ) നം.1665/2017/ആ.കു.വ തീയതി 14.06.2017
3. ഉത്തരവ് നം. ഇ2-2376/17/ ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം തീയതി 07.07.2017
4. ഡോ. ശ്രീജ.വി യുടെ 10.07.2017 ലെ അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 2861/2017/ആ.വ.ഡ തീയതി 29.07.2017**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം, ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റായ ഡോ. ശ്രീജ.വി യെ കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 02.03.2017 മുതൽ ഒരു വർഷത്തേക്ക് നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2)ലെ ഉത്തരവ് പ്രകാരം, ഡോ. ശ്രീജ.വി യുടെ അപേക്ഷ പരിഗണിച്ച് ഡെപ്യൂട്ടേഷൻ നിയമനം സർക്കാർ റദ്ദാക്കുകയും തുടർന്ന് ടിയാരിയെ പരാമർശം (3) ലെ ഉത്തരവ് പ്രകാരം കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും മാതൃ വകുപ്പായ ആരോഗ്യവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിനു വേണ്ടി 07.07.2017 അപരാഹ്നത്തിൽ വിടുതൽ ചെയ്തിട്ടുണ്ട്.

പരാമർശം (4)ലെ ഉത്തരവ് പ്രകാരം, ഡോ. ശ്രീജ.വി, ആരോഗ്യവകുപ്പിൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനുള്ള നിയമന ഉത്തരവിനായി അപേക്ഷ സമർപ്പിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റായ ഡോ. ശ്രീജ.വി യെ **കോഴിക്കോട് നാദാപുരം താലൂക്ക് ആശുപത്രിയിലെ ഒഴിവുള്ള ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി)** തസ്തികയിലേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ജീവനക്കാരി

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം
4. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോഴിക്കോട്
5. സൂപ്രണ്ട്, താലൂക്ക് ആശുപത്രി നാദാപുരം, കോഴിക്കോട്
7. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**
**സീനിയർ സൂപ്രണ്ട്**

067683 GOVERNMENT OF KERALA